"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന വികസന പദ്ധതി- പട്ടം-മെഡിക്കൽ കോളേജ്-കൊച്ചുള്ളൂർ റോഡ് വികസനം - എൽ.എ.ആർ. കേസ് 118/2013 മേലുള്ള ബാലൻസ് വിധിക്കടത്തുക ശ്രീ. എൻ. സുധാകരൻ നായർ, ശ്രീമതി ഗീതാദേവി എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഇ.) വകുപ്പ്

സ.ഉ.(സാധാ) നം.902/2024/LSGD തീയതി,തിരുവനന്തപുരം, 23-05-2024

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 17.12.2022 തീയതിയിലെ എ3/2817/2007/ട്രിഡ നമ്പർ കത്ത്
2. സ.ഉ.(സാധാ)നം. 798/2023/ത.സ്വ.ഭ.വ. തീയതി 01.04.2023.
3. സ.ഉ.(സാധാ)നം. 4561/2023/ധന തീയതി 15.06.2023

4 ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരത്തിന്റെ 13/11/2023 ലെ കെ1/71505/2016 നമ്പർ നടപടിക്രമം.

5 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16.01.2024- തീയതിയിലെ കെ1/382/2024/ഡി.സി.റ്റി.വി.എം. നമ്പർ കത്ത്.

6 സ.ഉ.(സാധാ)നം. 3435/2024/ധന തീയതി 17.04.2024

## ഉത്തരവ്

പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 343/1-3 (L.A.Sy.No.25/244) - ൽപ്പെട്ട, ശ്രീ. എൻ. സുധാകരൻ നായർ, ശ്രീമതി ഗീതാദേവി എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന, 0.35 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 118/2013 നമ്പർ കേസിൽ വിധിക്കടത്തുകയായ 1,09,956/- രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അമ്പത്തിയാറ് രൂപ മാത്രം) അടിയന്തരമായി കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 118/2013 നമ്പർ കേസിൽ തിരുവനന്തപുരം സബ്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവർഡ് തുക ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 1,10,000/- രൂപ "4217-60-800-93-Payment of Compensation in LAR cases (Plan - Charges)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിരുന്നു. ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരത്തിന്റെ പരാമർശം (4) നടപടിക്രമം പ്രകാരം പ്രസ്തുത തുകയിൽ

നിന്നും 1,09,956/- രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അമ്പത്തിയാറ് രൂപ മാത്രം) ശ്രീ. സുധാകരൻനായർ ശ്രീമതി ഗീതാദേവി എന്നിവർക്ക് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

3). എൽ.എ.ആർ. 118/2013 നമ്പർ കേസിൽ കാലികമായ കണക്കുവിവരപ്പട്ടിക തയ്യാറാക്കിയതിൽ 9,681/- രൂപ കൂടി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകാനുണ്ടെന്നും പ്രസ്തുത തുക അടിയന്തരമായി അനുവദിക്കണമെന്നും പരാമർശം (5) കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്തിലെ ആവശ്യം പരിശോധിച്ച് പരാമർശം (5) സർക്കാർ ഉത്തരവ് പ്രകാരം അധികധനാനുമതിയായി 10,000/- രൂപ "4217-60-800-93-Payment of Compensation in LAR cases (Plan - Charges)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിരുന്നു.

4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 343/1-3 (L.A.Sy.No.25/244) -ൽപ്പെട്ട, ശ്രീ. എൻ. സുധാകരൻ നായർ, ശ്രീമതി ഗീതാദേവി എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന, 0.35 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 118/2013 നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 9,681/- രൂപ (ഒൻപതിനായിരത്തി അറുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) "4217-60-800-93-Payment of Compensation in LAR cases (Plan - Charges)" എന്ന ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച 10,000/- രൂപയിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5). പരാമർശം (6) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധാനഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീ. എൻ. സുധാകരൻ നായർ, നിർമാല്യം, അഞ്ചുമുക്ക് വയൽ, മുട്ടട പി. ഒ.
തിരുവനന്തപുരം.
ശ്രീമതി ഗീതാദേവി, നിർമാല്യം, അഞ്ചുമുക്ക് വയൽ, മുട്ടട പി.ഒ.,
തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്) കേരള

തിരുവനന്തപുരം.

ധനവകുപ്പ് (WCD-3/101/2023/FIN dated 23.04.2024)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/134/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 24-05-2024 17:44:00

സെക്ഷൻ ഓഫീസർ